**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1980** **02-02-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ന്യൂനപക്ഷ സ്കോളർഷിപ്പിന് വേണ്ടി വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ചെലവഴിച്ചിട്ടുള്ള തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ; | (എ) | **ഈ സർക്കാരിന്റെ കാലയളവിൽ, ഒരോ സാമ്പത്തിക വർഷം സ്കോളർഷിപ്പ് പദ്ധതികൾക്കായി അനുവദിച്ച തുക ചെലവഴിച്ചിട്ടുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ന്യൂനപക്ഷ സ്കോളർഷിപ്പ് വിതരണത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; നിലവിൽ എത്ര കുടിശിക ഉണ്ട്; സ്കോളർഷിപ്പ് കുടിശിക മുഴുവനായി എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളിൽ 4 സ്കോളർഷിപ്പുകൾക്ക് അപേക്ഷ സ്വീകരിക്കുകയും സമയബന്ധിതമായി ഇതുവരെ 6.25 കോടി രൂപയുടെ ഫണ്ട് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. അതിൽ ത്രിവത്സര പോളിടെക്നിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള എ.പി.ജെ അബ്ദുൽകലാം സ്കോളർഷിപ്പിന് 1164 പേർക്കായി 69.93 ലക്ഷം രൂപയും, പാരാമെഡിക്കൽ ഡിപ്ലോമ, ജനറൽ നഴ്സിംഗ് ഡിപ്ലോമ പഠിക്കുന്ന 445 വിദ്യാർഥികൾക്കായി 66.75 ലക്ഷം രൂപയും, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് സ്കീമിൽ 4315 വിദ്യാർഥികൾക്കായി 4.72 കോടി രൂപയും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടി, ഐ.ഐ.എം, ഐ.ഐ.എസ്.സി, ഐ.എം.എസ്.സി എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ 32 പേർക്കായി 16 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേ വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ഐ.ടി.സി ഫീ റീഇമ്പേഴ്സ്മെന്റ് സ്കോളർഷിപ്പ്, ഉറുദു സ്കോളർഷിപ്പ്, സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മറ്റ് സ്കോളർഷിപ്പുകളായ സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ്, സിവിൽ സർവീസ്, സി.എച്ച് മുഹമ്മദ്കോയ സ്കോളർഷിപ്പ് എന്നിവയ്ക്ക് |

| | | | |
|---|---|---|---|
| | | | ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. കൂടാതെ, അസാപ് മുഖേന നൈപുണ്യ പരിശീലന പരിപാടി ആരംഭിക്കുന്നതിനു അസാപ് അധികാരികളും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറും തമ്മിൽ കരാർ ഒപ്പു വയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ മുൻവർഷത്തെ അപേക്ഷിച്ച് വളരെ ഫലപ്രദമായും സമയബന്ധിതമായും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുംവിധം അനുവദിക്കാൻ സാധിക്കുന്നുണ്ട്. എല്ലാ സ്കോളർഷിപ്പുകളുടെയും ഫണ്ട് 2024 മാർച്ച് 31 – ന് മുമ്പ് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ഈ സർക്കാരിന്റെ കാലയളവിൽ, ഓരോ സാമ്പത്തിക വർഷവും സ്കോളർഷിപ്പ് പദ്ധതികൾക്കായി അനുവദിച്ച തുക ചെലവഴിച്ചിട്ടുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ

(രൂപ ലക്ഷത്തിൽ)

| ക്രമ. നം | പദ്ധതി | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|---|
| | | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക |
| 1 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 82 | 61.29 | 82 | 24.66 | 82 | 69.93 |
| 2 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (Fresh/Renewal) | 1085 | 817 | 800 | 531.88 | 800 | അപേക്ഷ ക്ഷണിച്ചിട്ടുണ്ട് |
| | ഐ.റ്റി.ഐ – ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം | 402 | 309.60 | 402 | 396 | 482 | അപേക്ഷ ക്ഷണിച്ചിട്ടുണ്ട് |
| 3 | അസാപ്, KITTS, KASE മുഖേന നൈപുണ്യ പരിശീലന പദ്ധതി | nil | | | 5.95 | | നൈപുണ്യ പരിശീലനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| 4 | സി.എ/ സി.എം.എ/സി.എസ് സ്കോളർഷിപ്പ് | | 31.80 | | 28.62 | | അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| 4.1 | യു .ജി .സി/ സി.എസ്.ഐ.ആർ-നെറ്റ് പരിശീലനം | 62 | 5.29 | 62 | 14.91 | 97 | 25 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിയിട്ടുണ്ട്. ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളുണ്ട്. |
| 4.2 | പി.ജി. ഡിപ്ലോമ ഇൻ ജി.എസ്.റ്റി | | 2.70 | | 0.9 | | nil |
| 4.3 | എൻ.റ്റി.എസ്.ഇ പരിശീലനം | | 2.40 | | 0 | | |
| 4.4 | IITs, IIM, IISc, IMSc എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | ഇല്ല | | | | | 16 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | മദർതേരസ സ്കോളർഷിപ്പ് | 68 | 58.05 | 68 | 58.31 | 68 | 66.75 |
| 6 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (യു.ജി, പി.ജി) | | 472 | | 461.95 | | 472 |
| 6.1 | സിവിൽ സർവ്വീസ് ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | 652 | 10.799 | 652 | 10.47 | 652 | അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| 6.2 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | | 77.667 | | 53.45 | | അപേക്ഷ ക്ഷണിച്ചിട്ടുണ്ട് |
| 7 | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് | 25.14 | 3.84 | 9.51 | 1.48 | 15.26 | അപേക്ഷ ക്ഷണിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ